# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## 2017 ഫെബ്രുവരി 28,ചൊവ്വ

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 500

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സിഡ്കോയിൽ നിന്നും ബിറ്റുമിൻ വാങ്ങാൻ അനുമതി

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.പി.ടി.എ.റഹിം: | ഡോ. തോമസ് ഐസക് (ബഹു: ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തി ഏറ്റെടുക്കുന്ന കരാറുകാരോ ഗുണഭോക്തൃ സമിതിയോ സിഡ്കോയിൽ നിന്ന് ചില്ലറയായി വാങ്ങുന്ന ബിറ്റുമിനുള്ള ബിൽ സ്വീകാര്യമല്ലെന്ന നിലപാട് ധനകാര്യവകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; | സംസ്ഥാന സർക്കാറിന്റെ പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നും അവർ നേരിട്ട് ഉൽപ്പാദിപ്പിക്കുന്ന വസ്തുക്കൾ വാങ്ങാനാണ് സർക്കാർ അനുമതിയുള്ളത്. SIDCO ബിറ്റുമിൻ ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനമല്ല. SIDCO യിൽ നിന്നും വാങ്ങുന്ന ബിറ്റുമിനുള്ള ബില്ല് സ്വീകരിക്കുന്നത് സംബന്ധിച്ച ശുപാർശ ധനവകുപ്പിൽ ലഭിച്ചതായി കാണുന്നില്ല. |
| (ബി) | ചുരുങ്ങിയ അളവിൽ മാത്രം ബിറ്റുമിൻ ആവശ്യമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉൽപ്പാദകരിൽ നിന്നും അത് വാങ്ങുന്നത് പ്രായോഗികമല്ലാത്ത സാഹചര്യത്തിൽ സിഡ്കോയിൽ നിന്നും വാങ്ങുവാൻ അനുമതി നൽകുമോ? | സിഡ്കോ ബിറ്റുമിൻ ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനമല്ലാത്തതിനാൽ അവരിൽ നിന്നും ബിറ്റുമിൻ വാങ്ങാവുന്നതല്ല. എന്നാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിക്കുന്നതാണ്. |

Shameema

സെക്ഷൻ ഓഫീസർ